# സൈബീരിയൻ കൊറ്റികൾ

**കഥ**

ഹവാലാ രാജ്യത്ത് സരയൂ നദിയുടെ തീരത്ത് മോട്ടുമുയലുകൾ സസന്തോഷം ജീവിച്ചുവന്നു. ദാഹശമനത്തിനായ് അവർ സരയൂ നദിക്കരയിൽ വരികപതിവായിരുന്നു. അങ്ങിനെ നദിയിലെ മത്സ്യങ്ങളും മോട്ടുമുയലുകളും ചങ്ങാതിമാരായി. സൂര്യൻ അവിടേയും കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുമായിരുന്നു. വസന്തം അവിടെ പൂവായും തളിരായും എത്തിയിരുന്നു. സരയൂനദി കളിച്ചും ചിരിച്ചും ഒഴുകിക്കൊണ്ടിരുന്നു.

ഒരു ദിവസം ഇടിത്തീയെന്നപോലെ സൈബീരിയൻ കൊറ്റികൾ അവരുടെ ഇടയിലേക്ക് പറന്നുവന്നു. അവർ സരയൂവിലെ മത്സ്യങ്ങളെ ഓരോന്നായി തിന്നു തുടങ്ങി. കൂട്ടുകാരുടെ ഈ ദുഃസ്ഥിതികണ്ട് മോട്ടുമുയലുകളുടെ മനസ്സുരുകി. മോട്ടുമുയലുകൾ മത്സ്യങ്ങളോടു പറഞ്ഞു. 'ചങ്ങാതിമാരേ, ഇനിമുതൽ സൈബീരിയൻ കൊറ്റികൾ വരുന്നതുകണ്ടാൽ ഞങ്ങൾ മുന്നറിയിപ്പുതരാം. നിങ്ങൾ സരയൂവിന്റെ ആഴങ്ങളിലേക്ക് ഓടിയൊളിച്ചു കൊള്ളൂ'. മത്സ്യങ്ങൾക്ക് സന്തോഷമായി.

സൈബീരിയൻ കൊറ്റികൾ ഇതറിഞ്ഞു. മോട്ടുമുയലുകളെ ഒരു പാഠം പഠിപ്പിക്കണമെന്ന് തീർച്ചപ്പെടുത്തി. അവർ കണ്ണുകാണാത്ത വവ്വാലുകളെ സമീപിച്ചു. വവ്വാലുകൾ പറഞ്ഞു. 'കാട്ടിലെ ന്യായാധിപ സിംഗാൾ കുറുക്കന്റെ ഭാര്യയാണ്. അതിനാൽ നിങ്ങൾ സിംഗാൾ കുറുക്കനോട് സങ്കടമുണർത്തിക്കുക'. സൈബീരിയൻ കൊറ്റികൾ സിംഗാൾ കുറുക്കനെ സമീപിച്ചു പറഞ്ഞു. 'അങ്ങുന്നേ... സരയൂ നദിക്കരയിൽ മോട്ടു മുയലുകൾ തുരങ്കങ്ങൾ നിർമ്മിച്ചിരിക്കുന്നതിനാൽ ഞങ്ങൾക്കവിടെ ഇറങ്ങുവാൻ കഴിയുന്നില്ല. അതിനൊരു പരിഹാരം ഉണ്ടാക്കിത്തരണം'. സിംഗാൾ കുറുക്കൻ ഒളിക്കണ്ണാൽ സൈബീരിയൻ കൊറ്റികളെ നോക്കിക്കൊണ്ടു പറഞ്ഞു. 'സൈബീരിയൻ കൊറ്റികളേ, നിങ്ങൾ കവിതാ വാസനയുള്ളവരാണ് എന്നു കേട്ടിട്ടുണ്ട്. നമുക്ക് കവിതാഭ്രമം കലശലായിട്ടുണ്ട്. നാലുവരി കവിത പാടി കേൾപ്പിക്കാമെങ്കിൽ കാര്യം നാം ശരിയാക്കിത്തരാം'. കൊറ്റികൾക്ക് സന്തോഷമായി. അവർ നാലുവരി കവിത പാടികേൾപ്പിച്ചുകൊടുത്തു.

കവിതയുടെ നാലാം പാദത്തിൽ സിംഗാൾ കുറുക്കന്റെ ദേശാഭിമാനം സടകുടഞ്ഞെഴുന്നേറ്റു. അന്വേഷണ കമ്മീഷനായി വവ്വാലുകളെ നിയമിച്ചു. വവ്വാലുകൾ സരയൂ തീരത്തേക്ക് പോയി. കൂടെ കൊറ്റികളുമുണ്ടായിരുന്നു. കൊറ്റികളെ നോക്കി വവ്വാൽ കമ്മീഷൻ പറഞ്ഞു. 'ഞങ്ങൾക്കും കവിതാഭ്രമമുണ്ട്. രണ്ടുവരി കവിത കേൾപ്പിക്കാമെങ്കിൽ നിങ്ങളുടെ കാര്യം സാധിപ്പിക്കാം'. കൊറ്റികൾക്ക് സന്തോഷമായി.

കാരണം അവർക്കറിയാവുന്ന ജോലി അതുമാത്രമേ ഉണ്ടായിരുന്നുള്ളൂ. കൊറ്റികൾ രണ്ടുവരി കവിത വവ്വാൽ കമ്മീഷനെ പാടി കേൾപ്പിച്ചുകൊടുത്തു. കവിതയുടെ രണ്ടാംപാദത്തിൽ വവ്വാൽ കമ്മീഷന്റെ ദേശീയബോധവും, ദേശാഭിമാനവും കരകവിഞ്ഞൊഴുകി. വവ്വാൽ കമ്മീഷന്റെ റിപ്പോർട്ട് തയ്യാറായി. 'ഏഴുകടലും കടന്ന് നമ്മുടെ രാജ്യത്തെത്തിയ, സൈബീരിയൻ കൊറ്റികളെ വരവേൽക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. എങ്കിലേ ഈ കാടിനു വികസനം കൈവരിക്കാനാവൂ. വികസനത്തിനു തുരങ്കം വയ്ക്കുന്ന മോട്ടുമുയലുകൾ ഈ കാടിന്റെ നിയമമനുസരിച്ച് ശിക്ഷാർഹരാണ്'. കാട്ടിലെ ന്യായകോടതിയിൽ വവ്വാൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.



മോട്ടുമുയലുകളെ ഉടൻ ജയിലിലടക്കാൻ കാട്ടിലെ കോടതി ഉത്തരവിട്ടു. മോട്ടുമുയലുകളുടെ നേതാവ് മേധാമുയൽ കാട്ടിലെ നിയമത്തെപ്പറ്റിയും ജീവിക്കാനുള്ള അവകാശത്തെപ്പറ്റിയും ഘോരഘോരം പ്രസംഗിച്ചു. തുരങ്കങ്ങൾ നിർമ്മിക്കുന്നത് മലതുരക്കുന്ന എലികളാണെന്ന് കാട്ടിലെ കോടതിമുമ്പാകെ ബോധിപ്പിച്ചു.

പക്ഷെ ന്യായാധിപ അത് ഗൗനിച്ചില്ല. കാരണം, ന്യായാധിപ സ്വതവേ ദുർബലയായിരുന്നു., പോരെങ്കിൽ ഗർഭിണിയും. കാട്ടിലെ കോടതി വവ്വാൽ കമ്മീഷൻ റിപ്പോർട്ട് വായിച്ചു. കാട്ടിലെ വികസനത്തിനു തുരങ്കം വയ്ക്കുന്ന മേധാമുയലിനേയും, മോട്ടു മുയലുകളേയും മുക്കുമുട്ടെ വെള്ളത്തിൽ മുക്കി കൊല്ലാൻ വിധിച്ചു.

പി.കെ. ധർമ്മരാജ്
നിലനിൽപ്പ് അരാകുളം
കൊടുങ്ങല്ലൂർ